# പാഥേയം


ഒ എൻ വി

പ്രശസ്ത കവി ഒ എൻ വിയുടെ ജീവിതത്തെ സ്വാധീനിച്ചിട്ടുള്ള വ്യക്തികളുടെയും അനുഭവങ്ങളുടെയും പ്രചോദനങ്ങളുടെയും ഒരു സംഗ്രഹമാണ് പാഥേയം.

“ജീവിതത്തെ തൊട്ടുരുമ്മി കടന്നുപോയവർ, മനസ്സിന്റെ മൃദുവായ ഏതോ കോണിൽ സ്വയം കടന്നിരുന്നവർ, സ്നേഹംകൊണ്ടു കടപ്പെടുത്തിയവർ, വേർപാടുകൊണ്ട് വേദനിപ്പിച്ചവർ, അകലെയായിരുന്നെങ്കിലും അടുത്തുണ്ടെന്ന് തോന്നിച്ചവർ–അവരോരോരുത്തരും എന്നിലവശേഷിപ്പിച്ച ഓർമ്മകളുടെ സുഗന്ധവും അനുഭവങ്ങളുടെ മാധുര്യവും കേട്ടതും കേൾക്കാത്തതുമായ മൊഴികളുടെ ലാവണ്യവും ഒരളവിൽ ഈ പാഥേയത്തിലുണ്ട്”.

പാബ്ലോ നെരൂദ, ഇ. എം. എസ്., ചങ്ങമ്പുഴ, ബഷീർ, സ്വാതിതിരുനാൾ തുടങ്ങി ജീവിതത്തിന്റെ വിവിധ തുറകളിൽ പ്രശസ്തരായവരെക്കുറിച്ചുള്ള ഉപന്യാസങ്ങളാണ് ഇതിൽ.

ഡി സി ബുക്സ്

ഉപന്യാസം

ISBN 81-264-0578-3

₹ 80

ഒ എൻ വി കുറുപ്പ് • പാഥേയം

ഡി സി ബുക്സ്




8M4 KUR/U
CASMTVK

library TVK
2
/U

8M4 KUR/U
CASMT
CASMTVK
5 5 2

COLLEGE OF AVIAN SCIENCES & MANAGEMENT
KVASU CAMPUS, THIRUVAZHAMKUNNU

Acc. No. 5552 Call No.

This book should be returned on or before the date last given below.

15-006
24 FEB 2016
15-047
4 APR 2016
14-012
4 MAY 2016
15-024
15 DEC 2016
17-18
24 APR 2018

**ഒ.എൻ.വിയുടെ ഞങ്ങൾ പ്രസിദ്ധീകരിച്ച കൃതികൾ**

*കവിത*

അപരാഹ്നം
ഈ പുരാതന കിന്നരം
വെറുതെ
ശാർങ്ഗകപ്പക്ഷികൾ
ഒ.എൻ.വിയുടെ നാല് കാവ്യസമാഹാരങ്ങൾ
ഒ.എൻ.വിയുടെ കവിതകൾ: ഒരു ബൃഹത്സമാഹാരം
ഉജ്ജയിനി
സ്വയംവരം
ഭൈരവന്റെ തുടി
അഗ്നിശലഭങ്ങൾ
ഉപ്പ്
ക്ഷണികം, പക്ഷേ—
അർദ്ധവിരാമങ്ങൾ
ഭൂമിക്ക് ഒരു ചരമഗീതം
മൃഗയ
മയിൽപ്പീലി
ഒരു തുള്ളി വെളിച്ചം—അക്ഷരം
സ്നേഹിച്ചുതീരാത്തവർ
ഞാനഗ്നി
ദിനാന്തം

*ഗാനം*

മാണിക്യവീണ

*പഠനം*

കവിതയിലെ സമാന്തരരേഖകൾ
പാഥേയം
പുഷ്കിൻ: സ്വാതന്ത്ര്യബോധത്തിന്റെ ദുരന്തഗാഥ

*കാവ്യകണികകൾ*

തോന്ന്യാക്ഷരങ്ങൾ

*ബാലസാഹിത്യം*

വളപ്പൊട്ടുകൾ

*വിവർത്തനം*

കാൾമാർക്സിന്റെ കവിതകൾ

ഒ.എൻ.വി. കുറുപ്പ്

# പാഥേയം

ഡി സി ബുക്സ്

Malayalam Language
**Pâdheyam**
Essays
by **O.N.V. Kurup**
Rights Reserved
First Published April 1999
First DCB Edition February 2003
3rd impression April 2011

*Cover Painting*
Murali Nagappuzha
*Cover Design*
Design Studio

Printed in India
at D C Press (P) Ltd., Kottayam 686 012

*Publishers*
**D C Books**, Kottayam 686 001
Kerala State, India
Blog: www.dcbooks.com/blog
e-mail : info@dcbooks.com
Online Bookstore : www.dcbookstore.com

*Distributors*
**D C Books-Current Books**
Thiruvananthapuram, Kollam, Thiruvalla, Alappuzha, Kottayam, Thekkady
Thodupuzha, Eranakulam, Cochin Airport, Aluva, Thrissur, Irinjalakuda
Manjeri, Kozhikode, Kalpetta, Palakkad, Kannur, Thalassery, Kanhangad
Bangalore, New Delhi, Dubai

No part of this publication may be reproduced, or transmitted in any form
or by any means, without prior written permission of the publisher.

ISBN 81-264-0578-3

D C BOOKS - The first Indian Book Publishing House to get ISO Certification

**₹80.00**

65/11-12-Sl.No. 10895-dcb 2615-(3)2000-2115-04-11-Spb. 18.6 -p as-r(t) kp-d(t) hm

ഒരു നീണ്ട യാത്രയ്ക്കിടയിൽ കാലം പാഥേയം നിറച്ചുകൊണ്ടേയിരിക്കുന്നു. കുറേദൂരം നടന്നു തളരുമ്പോൾ ഇളവേൽക്കുന്ന ഇടവേളകളിൽ, ആ പൊതി തുറന്ന് അത്ഭുതത്തോടെ കാണുന്നു: എന്തെന്തെല്ലാം വിഭവങ്ങളാണിതിൽ! "ഉപ്പും മധുരവും സ്വാദിഷ്ഠമായുള്ള കയ്പും" കലർന്നവ! മനസ്സുകൊണ്ടടുപ്പമുള്ള, അടുപ്പമുണ്ടാകാവുന്ന ചിലരെങ്കിലുമായി ഇതു പങ്കിടാൻ കഴിഞ്ഞെങ്കിൽ എന്നു തോന്നിപ്പോവുന്നു — സ്വാന്തഃസുഖത്തിനെങ്കിലും...

ജീവിതത്തെ തൊട്ടുരുമ്മിക്കടന്നുപോയവർ, മനസ്സിന്റെ മൃദുവായ ഏതോ കോണിൽ സ്വയം കടന്നിരുന്നവർ, സ്നേഹംകൊണ്ടു കടപ്പെടുത്തിയവർ, വേർപാടുകൊണ്ട് വേദനിപ്പിച്ചവർ, അകലെയായിരുന്നെങ്കിലും അടുത്തുണ്ടെന്ന് തോന്നിച്ചവർ — അവരോരോരുത്തരും എന്നിലവശേഷിപ്പിച്ച ഓർമ്മകളുടെ സുഗന്ധവും അനുഭവങ്ങളുടെ മാധുര്യവും കേട്ടതും കേൾക്കാത്തതുമായ മൊഴികളുടെ ലാവണ്യവും ഒരളവിൽ ഈ പാഥേയത്തിലുണ്ട് — അത്രമാത്രം.

ഒ. എൻ. വി.

# ലേഖനങ്ങൾ


പാബ്ലോ നെരൂദ

മാനുഷ്യകത്തിന്റെ കവി 9

ഹരീന്ദ്രനാഥ ചതോപാദ്ധ്യായ

സ്നേഹം, സൗന്ദര്യം, സ്വാതന്ത്ര്യം... 16

കേസരി ബാലകൃഷ്ണപിള്ള

മാടവനപ്പറമ്പിലേക്കൊരു തീർത്ഥയാത്ര 21

വി.ടി. ഭട്ടതിരിപ്പാട്

മനുഷ്യനിലേക്ക് 25

ഇ.എം.എസ്.

പ്രതിബദ്ധതയുടെ വിശുദ്ധി 29

'സ്നേഹാർഹം സരളദ്രുമം...' 34

ആർ. ശങ്കരനാരായണൻതമ്പി

വരുംതലമുറയ്ക്ക് കൈമാറാൻ ഒരു സ്നേഹജ്ജ്വാല 39

ലളിതാംബിക അന്തർജനം

കഥയുടെയും കവിതയുടെയും പാരസ്പര്യം 46

എൻ. കൃഷ്ണപിള്ള

ഗുരുസന്നിധിയിൽ 50

നട്ടുച്ചയ്ക്ക് ഒരസ്തമയം 56

ഒരു പൊട്ടിച്ചിരിയുടെ പൊരുൾതേടി 58

ചങ്ങമ്പുഴ

മലയാണ്മയുടെ മാധുര്യം 61

വൈലോപ്പിള്ളി

എന്റെ ഹൃദയത്തിന്റെ അസ്വാസ്ഥതയും ധന്യതയും 66

എൻ.വി.കൃഷ്ണവാരിയർ

നിരവധി ദൗത്യങ്ങൾ നിറവേറ്റിയ എൻ.വി. 69

തകഴി ശിവശങ്കരപ്പിള്ള

കഥകൾ പിരിച്ചെടുത്ത കയർ 75

കടപ്പുറത്തിന്റെ പ്രേമഗാഥ 78

ബഷീർ
നൊന്തുവിരിഞ്ഞ അനുഭവങ്ങൾ 81

തോപ്പിൽ ഭാസി
ഓണാട്ടുകരമണ്ണിന്റെ ഉപ്പ് 85

മലയാറ്റൂർ
കളിയുറക്കംപോലെ 90

എം.ടി. വാസുദേവൻനായർ
ഒരു നദീതടസംസ്കാരത്തിന്റെ മണക്കുംകല്ലുകൾ 94
കാത്തിരിപ്പ് എന്ന കരുണസത്യം 97

പി. ഭാസ്കരൻ
'മുമ്പേ പറന്ന പക്ഷി' 102

ദേവരാജൻ
മധുരിക്കും ഓർമ്മകളേ... 107

പുനലൂർ ബാലൻ
കവി, സുഹൃത്ത്, മനുഷ്യൻ... 110

പി.ആർ. ശ്യാമള
സത്യത്തിന്റെ മുഖദർശനം 114

സ്വാതിതിരുനാൾ
സ്വാതന്ത്ര്യബോധത്തിന്റെ വിലാപകാവ്യം 118
സ്വാതിയുടെ കാവ്യപ്രപഞ്ചം 120

സലിൽ ചൗധുരി
ശേഫാലിപുഷ്പത്തിന്റെ സുഗന്ധം 126

എം.ബി. ശ്രീനിവാസൻ
ഒരപൂർണ്ണഗാനംപോലെ... 131

# മാനുഷ്യകത്തിന്റെ കവി

ലോകത്തെവിടെയുമുള്ള നിന്ദിതരുടെയും പീഡിതരുടെയും ഹൃദയഭാരമേറ്റുവാങ്ങിയ കവിയായിരുന്നു പാബ്ലോ നെരൂദ. 'രുദിതാനുസാരി'യായ ആദികവിയെ ആദരിക്കുന്ന ഭാരതീയമനസ്സിന് പാബ്ലോ നെരൂദ അന്യനാവുക വയ്യ! തെക്കേ അമേരിക്കയിലെ ഒരു കൊച്ചുരാജ്യമായ ചിലിയിൽ ജനിച്ച് സ്പാനിഷ്ഭാഷയിൽ എഴുതിയ ഈ കവി, 1971-ൽ നോബൽ സമ്മാനം ലഭിക്കുന്നതിനുമെത്രയോ മുമ്പുതന്നെ ലോകത്തിന്റെ നാനാഭാഗങ്ങളിലും അറിയപ്പെട്ടിരുന്നു! തന്റെ കവിത എല്ലാ ഭൂഖണ്ഡങ്ങളെയും തഴുകിപ്പടരുന്നതു കാണുവാനുള്ള സൗഭാഗ്യം ജീവിതകാലത്തു തന്നെ നെരൂദയ്ക്കുണ്ടായി — അതൊരു അപൂർവ്വസൗഭാഗ്യംതന്നെയാണ്. ഇന്ത്യയിലും ചിലിയൻ ഗവണ്മെന്റിന്റെ പ്രതിനിധിയായി അദ്ദേഹം താമസിച്ചിട്ടുണ്ട്. ഒരിക്കൽ ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിന്റെ ഒരു സമ്മേളനത്തിൽ സന്ദർശകനായി പങ്കെടുത്തിരുന്നു എന്നു മാത്രമല്ല, ഗാന്ധിജി, നെഹ്റു, സുഭാഷ് ചന്ദ്രബോസ് തുടങ്ങിയ നേതാക്കളെ അടുത്തറിയുവാനുമദ്ദേഹത്തിനു കഴിഞ്ഞിട്ടുണ്ട്. 'Memoirs'എന്ന ആത്മകഥാഗ്രന്ഥത്തിന്റെ നാലാമദ്ധ്യായത്തിൽ അദ്ദേഹം അവരെക്കുറിച്ച് ശ്രദ്ധേയമായ തന്റെ നിരീക്ഷണങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ട്. ജനക്കൂട്ടം ഗാന്ധിജിയെ ആരാധനാമനോഭാവത്തോടെ സ്പർശിക്കുന്നതും, അവരെയെല്ലാം തന്റെ അലസമന്ദഹാസംകൊണ്ട് ഗാന്ധിജി പ്രത്യഭിവാദ്യം ചെയ്യുന്നതും നെരൂദ വിവരിച്ചിട്ടുണ്ട്. 'വിപ്ലവത്തിന്റെ ബുദ്ധിമാനായ വക്താവാ'യി നെഹ്റുവിനെയും, 'സാമ്രാജ്യത്വത്തിനെതിരെയുള്ള ആക്രമണോത്സുകമായ പൗരുഷശക്തിയായി' സുഭാഷ് ചന്ദ്രബോസിനെയും നെരൂദ വിശേഷിപ്പിച്ചിട്ടുണ്ട്. ഇന്ത്യയുടെ സ്വാതന്ത്ര്യം ഈ കവിയുടെയും അനുഭാവത്തെയും ആകാംക്ഷയെയും തട്ടിയുണർത്തിയിരുന്നതിന് ആത്മകഥയിൽ പലയിടത്തും തെളിവുകൾ നിരന്നുകാണാം. ഒരിക്കൽ — 1950-ൽ — ജൂലിയോ ക്യൂറി നിയോഗിച്ചതനുസരിച്ച് ലോകസമാധാനത്തിനുവേണ്ടിയുള്ള ഒരു സന്ദേശം നെഹ്റുവിന് കൈമാറുന്നതിനുവേണ്ടി ദില്ലി സന്ദർശിച്ചപ്പോഴുണ്ടായ ചില തിക്താനുഭവങ്ങൾ അദ്ദേഹത്തെ കുറച്ചൊന്നു ചൊടിപ്പിക്കാതിരുന്നില്ല. പക്ഷേ, തന്റെ ചെറുപ്പത്തിൽ ഏതാനും വർഷം കഴിച്ചുകൂട്ടിയ ഇന്ത്യ എന്ന ഈ രാജ്യത്തോടുള്ള എന്നും നിലനില്ക്കുന്ന തന്റെ സ്നേഹമാണ് ആ ദൗത്യമേറ്റെടുത്തിവിടെ വരാൻ തന്നെ പ്രേരിപ്പിച്ചതെന്ന് നെരൂദ വ്യക്തമാക്കുന്നു. നമ്മുടെ കവിയായ ആശാന്റെ ഭാഷയിൽ 'ലോകാനുരാഗം' മുറ്റിയ ഒരു കവിമനസ്സ് നെരൂദയുടെ ഓരോ വാക്കിന്റെയും പിന്നിലുണ്ട്. അദ്ദേഹം ലോകത്തെ 'എല്ലാ ജനതകളുടെയും പാട്ടുകാരനാ'യിത്തീർന്ന കഥയാണ്